"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ടി.ഡി.സി) - കോവളം ഹോട്ടൽ സമുദ്രയുടെ (ഫേസ് I & II) നവീകരണം - ഫേസ് I നവീകരണത്തിനായി മൂന്നാം ഗഡു തുകയും ഫേസ് II നവീകരണത്തിനായി നാലാം ഗഡു തുകയും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.159/2025/TSM തീയതി,തിരുവനന്തപുരം, 17-03-2025

പരാമർശം:-

1. 11.10.2021 ലെ സ.ഉ.(സാധാ) നം.316/2021/ടൂറിസം നമ്പർ ഉത്തരവ്
2. 11.10.2021 ലെ സ.ഉ.(സാധാ) നം.313./2021/ടൂറിസം നമ്പർ ഉത്തരവ്
3. കെടിഡിസി മാനേജിംഗ് ഡയറക്ടറുടെ 11.02.2025 ലെ KTDC/ EW-TVM/ESTT/70325/520/Utilisation-HS/2025 നമ്പർ കത്ത്.
4. കെടിഡിസി മാനേജിംഗ് ഡയറക്ടറുടെ 12.02.2025 ലെ KTDC/ EW-TVM/ESTT/70322/518/Utilisation-HS/2025 നമ്പർ കത്ത്.

**ഉത്തരവ്**

ഹോട്ടൽ സമുദ്ര കോവളത്തിന്റെ ഫേസ് I നവീകരണ പ്രവർത്തനത്തിനായി 290 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരവും, ഫേസ് II നവീകരണ പ്രവർത്തനത്തിനായി 480 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (2) പ്രകാരവും നൽകിയിരുന്നു.

(2) കെ.ടി.ഡി.സി. ഹോട്ടൽ സമുദ്ര കോവളത്തിന്റെ ഫേസ് I നവീകരണത്തിന് മൂന്നാം ഗഡുവായി 69,86,420 (അറുപത്തിയൊമ്പത് ലക്ഷത്തി എൺപത്തിആറായിരത്തി നാന്നൂറ്റി ഇരുപത് രൂപ മാത്രം) രൂപയും, ഫേസ് II നവീകരണത്തിന് നാലാം ഗഡുവായി 31,37,794/- ( മുപ്പത്തിയൊന്ന് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) രൂപയും റിലീസ് ചെയ്ത് നൽകണമെന്ന് പരാമർശം (3,4) പ്രകാരം എം.ഡി, കെ.ടി.ഡി.സി അഭ്യർഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.ടി.ഡി.സി.- ഹോട്ടൽ സമുദ്ര കോവളത്തിന്റെ ഫേസ് I നവീകരണത്തിന് മൂന്നാം ഗഡുവായി 69,86,420/- (അറുപത്തിയൊമ്പത് ലക്ഷത്തി എൺപത്തിആറായിരത്തി നാന്നൂറ്റി ഇരുപത് രൂപ മാത്രം) രൂപയും, ഫേസ് II നവീകരണത്തിന് നാലാം ഗഡുവായി 31,37,794/- (മുപ്പത്തിയൊന്ന് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) രൂപയും ചേർത്ത് 1,01,24,214/- (ഒരു കോടി ഒരു ലക്ഷത്തി ഇരുപത്തിനാലായിരത്തി ഇരുന്നൂറ്റി പതിനാല്) രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ 5452-01-190-99- Kerala Tourism Development Corporation (Plan) എന്ന ശീർഷകത്തിൽ നിന്നും ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്കു വിധേയമായി റിലീസ് ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1) 16/04/2018-ലെ സ ഉ (പി) 62/2018/ധന യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2) 09/12/08-ലെ സർക്കുലർ നം.84/2008/ധനയും 30/01/2018-ലെ സർക്കുലർ നം. 08/2018/ധന-ലേയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ (കൈ) നം 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനനന്തപുരം
ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 07.03.2025- ലെ 23065763/PU-C3/33/2025-ധന പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 17-03-2025 16:43:30
സെക്ഷൻ ഓഫീസർ

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്